I ഇ.ബി. XV - കേരള നിയമസഭ/II-5

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

സ്വർണ്ണക്കടത്ത് കേസ്

മി. സ്പീക്കർ: രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയുടെ കൂട്ടാളിയും കേസിലെ നിർണ്ണായക സാക്ഷിയുമായ റമീസിനെ ചോദ്യം ചെയ്യാൻ കസ്റ്റംസ് നോട്ടീസ് നൽകി വിളിപ്പിച്ചതിനുപിന്നാലെ

ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞതിനെത്തുടർന്ന് കേസ് അട്ടിമറിക്കാൻ നടക്കുന്ന ശ്രമംമൂലം ഉളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസിലെ നിർണ്ണായക സാക്ഷിയായ റമീസ് സഞ്ചരിച്ച ബൈക്ക് ഒരു കാറിന്റെ പിന്നിലിടിക്കുകയും ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെടുകയും ചെയ്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കുകയും സാക്ഷി മൊഴികൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയാണ് റമീസ് ബൈക്കിൽ യാത്ര ചെയ്തിരുന്നതെന്ന് പോലീസ് റിപ്പോർട്ടിലും തലയ്ക്കും വാരിയെല്ലുകൾക്കുമേറ്റ ഗുരുതര പരിക്കാണ് മരണകാരണമെന്ന് മെഡിക്കൽ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലെ ഇനം 83 പ്രകാരമാണ് കസ്റ്റംസ് ഡ്യൂട്ടി ചുമത്തുന്നതെന്നതിനാൽ സ്വർണ്ണക്കടത്ത്

തടയുന്നതിനുള്ള പൂർണ്ണ അധികാരം കേന്ദ്ര സർക്കാരിനാണ്. കള്ളക്കടത്ത് സ്വർണ്ണം വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാകുന്ന കേസുകളിൽ ശക്തമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിമാനത്താവളങ്ങളിൽ കസ്റ്റംസ് ഡ്യൂട്ടി നിർവ്വഹിക്കുന്ന ഐ.ബി.-യിലേയ്ക്ക് സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥരെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത്. ചെമ്പിലോട്ട് മേഖല സെക്രട്ടറി സജേഷിനും ഷുഹൈബ് വധക്കേസ് പ്രതി ആകാശ് തില്ലങ്കേരിക്കും സ്വർണ്ണക്കടത്ത് കേസിൽ പങ്കുണ്ടെന്നാണ് തെളിവുകൾ വ്യക്തമാക്കുന്നത്. അന്വേഷണം നടത്തുന്നത് കസ്റ്റംസാണെന്നതുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടില്ലെന്ന നിലപാട് ശരിയല്ല. വിദേശത്തുനിന്നും സ്വർണ്ണമെത്തിക്കുന്നതിന് അമ്പതംഗ സംഘമുണ്ടെന്നാണ് അറിയുന്നത്. സ്വർണ്ണക്കള്ളക്കടത്ത് അവസാനിപ്പിക്കാനും ക്രമസമാധാനം പാലിക്കാനും സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമാക്കണം. റമീസിന്റെ അപകടമരണം സംബന്ധിച്ച് കേസന്വേഷണം പൂർത്തിയാകുന്നതുവരെ പ്രതികളെ മറ്റൊരു സംസ്ഥാനത്തെ ജയിലിലേയ്ക്ക് മാറ്റണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിമാനത്താവളങ്ങളുടെ നിയന്ത്രണം സി.ഐ.എസ്.എഫ്.-നും കസ്റ്റംസിനുമാണ്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന കേസുകളിൽ നടപടി സ്വീകരിച്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. റമീസിന്റെ മരണം കൊലപാതകമാണെന്ന ആരോപണം പരിഹാസ്യമാണ്. കേസന്വേഷണം പൂർത്തിയാകുന്നതുവരെ കേസുകളിലകപ്പെട്ട് ജയിലിൽ കഴിയുന്ന പ്രതികളെ ഇതര സംസ്ഥാനത്തെ ജയിലുകളിലേക്ക് മാറ്റണമെന്ന വാദം അംഗീകരിക്കാനാകില്ല. തടവുകാർ നിയമമനുസരിച്ച് ജീവിക്കാൻ ബാധ്യതപ്പെട്ട ഇടങ്ങളാണ് ജയിലുകൾ. ജയിൽ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജയിലുകളിൽ നിയമം കർക്കശമായി പാലിക്കപ്പെടുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ

പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### 1. ദുരിതാശ്വാസനിധിയിലേയ്ക്ക് തുക വകമാറ്റം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: 2003-ലെ കേരള പഞ്ചായത്ത്രാജ് ചട്ടപ്രകാരം പഞ്ചായത്തുകൾക്ക് ദുരിതാശ്വാസനിധി രൂപീകരിക്കാൻ നിയമപരമായ അംഗീകാരമുണ്ടെങ്കിലും ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടും പഞ്ചായത്തിന്റെ തനത് ഫണ്ടും ഇതിനുപയോഗിക്കാൻ കഴിയില്ലെന്നും കലാ/കായിക/വിനോദ പരിപാടികൾ സംഘടിപ്പിച്ചും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിക്കാവശ്യമായ ധനം സ്വരൂപിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. ലോക്ഡൗൺ പശ്ചാത്തലത്തിൽ അതിന് കഴിയാത്തതിനാൽ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നോ തനതുഫണ്ടിൽനിന്നോ അഞ്ചുശതമാനത്തിൽ അധികാരിക്കാത്ത തുക ഗ്രാമപഞ്ചായത്തുകളുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് വക മാറ്റാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ഏതെങ്കിലും ദുരന്തംമൂലം ഒരു വ്യക്തിക്കുണ്ടാകുന്ന നഷ്ടം ദുരിതാശ്വാസനിധി വഴി ലഭിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങളിൽ ചട്ടം 3(1) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയംമൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽനിന്നും വേറിട്ടുസൂക്ഷിക്കുന്ന ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്നും ചട്ടം 3(2) പ്രകാരം കലാ, കായിക, വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിക്കാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണെന്നും ചട്ടം 3(3) പ്രകാരം നിധിയിലേയ്ക്ക് ഗ്രാമ പഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽനിന്നോ പഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽനിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്നും നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽനിന്ന് തുക ദുരിതാശ്വാസനിധിയിലേയ്ക്ക് മാറ്റാൻ സാധിക്കുന്നതല്ല. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായുള്ള അടിയന്തര പ്രോജക്ടുകൾക്ക് തനത് ഫണ്ടും പ്ലാൻ ഫണ്ടും കേന്ദ്ര ധനകാര്യ കമ്മീഷന്റെ ബേസിക് ഗ്രാന്റും

ഉപയോഗിക്കുന്നതിന് തടസ്സങ്ങളില്ല. വ്യക്തികൾക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് റവന്യൂ വകുപ്പാണ്.

## 2. അനധികൃത മാലിന്യനിക്ഷേപം

ശ്രീ. അൻവർ സാദത്ത്: ആശുപത്രി, കക്കൂസ് മാലിന്യങ്ങളുൾപ്പെടെ നീക്കം ചെയ്യുന്നതിന് കരാറെടുത്തിട്ടുള്ള ഏജൻസികൾ പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ അനധികൃതമായി പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് നിത്യ സംഭവമായി മാറിയിരിക്കുകയാണ്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി മാലിന്യം എറണാകുളം ജില്ലയിലെ പറമ്പയത്ത് നിക്ഷേപിച്ച കരാറുകാരനെതിരെ നടപടി സ്വീകരിക്കണം. മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തി ഏറ്റെടുക്കുന്ന ഏജൻസികൾക്ക് മാലിന്യസംസ്കരണ സംവിധാനമുണ്ടോയെന്ന് പരിശോധിച്ചശേഷം മാത്രമേ അനുമതി നൽകാൻ പാടുള്ളൂ. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ തദ്ദേശസ്വയംഭരണം-ഗതാഗത-ആരോഗ്യ-പോലീസ് വകുപ്പുകളുടെ അടിയന്തര ഇടപെടൽ ഉണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന ഡ്രൈവർമാരിൽനിന്നും പിഴ ഈടാക്കാനും

ലൈസൻസ് റദ്ദ് ചെയ്യാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും കേസ് രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത വിവരം ലൈസൻസിംഗ് അതോറിറ്റിയെ അറിയിച്ച് കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രമേ മാലിന്യം കൊണ്ടുപോകാവൂയെന്ന വ്യവസ്ഥയിൽ പെർമിറ്റ് അനുവദിക്കുന്നതിനും അത്തരം വാഹനങ്ങൾക്ക് പ്രത്യേക നിറം നിശ്ചയിക്കുന്നതിനും കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ആവശ്യമായ നിയമഭേദഗതി വരു<u>ത്തു</u>ന്നതുമായ കാര്യങ്ങൾ പരിഗണനയിലാണ്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്ന വാഹനങ്ങളെക്കുറിച്ച് വിവരം നൽകിയാൽ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കാൻ സന്നദ്ധമാണെന്ന് ബന്ധപ്പെട്ട പോലീസ്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, റെസിഡന്റ്സ് അസോസിയേഷൻ എന്നിവരെ അറിയിച്ചിട്ടുണ്ട്. രാത്രികാല പ്രത്യേക നിരീക്ഷണത്തിന് എറണാകുളം ജില്ലയിൽ രണ്ട് പ്രത്യേക സ്ക്വാഡുകളെ നിയോഗിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രത്യേക സർക്കുലർ നൽകുന്നതുമാണ്.

## III. സബ്മിഷൻ

### 1. കൊമേഴ്സ്യൽ കോംപ്ലക്സ് ആന്റ് വെജിറ്റബിൾ സൂപ്പർ മാർക്കറ്റ്

ശ്രീമതി കെ. കെ. രമ: വടകര നഗരസഭയിലെ നാരായണനഗറിൽ കൊമേഴ്സ്യൽ കോംപ്ലക്സ് ആൻഡ് വെജിറ്റബിൾ സൂപ്പർ മാർക്കറ്റ് നിർമ്മിക്കുന്നതിനായി ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി വടകര നഗരസഭ 2006-ൽ കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തി ഭൂമിയും കെട്ടിടവും അടിയന്തരമായി ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ 2003-ൽ ആവിഷ്കരിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി വടകര നഗരസഭ നാരായണ നഗറിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഒരു കൊമേഴ്സ്യൽ കോംപ്ലക്സ് ആൻഡ് വെജിറ്റബിൾ സൂപ്പർ മാർക്കറ്റ് നിർമ്മിക്കുന്നതിനായി ടെണ്ടർ വിളിക്കുകയും ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും കെട്ടിടത്തിന്റെ ലേഔട്ട് അപ്രൂവൽ

വാങ്ങി നൽകുന്നതിന് കാലതാമസം ഉണ്ടായതിനാൽ നഗരസഭ കമ്പനിയുമായി ഒരു സപ്ലിമെന്ററി കരാറിൽ ഒപ്പിടുകയും 18 മാസത്തിനകം കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതും 25 വർഷത്തെ നടത്തിപ്പിനുശേഷം നഗരസഭയ്ക്ക് കെട്ടിടം കൈമാറേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. പദ്ധതിക്കായി കമ്പനിക്ക് അനുവദിച്ച 2.32 ഏക്കർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭ അനുവദിച്ച പെർമിറ്റിനേക്കാൾ അധികമായി പണിത ഏരിയയുടെ ഫീസ്/പിഴ സംബന്ധിച്ച തീരുമാനത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പെൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും അധികരിച്ച ഏരിയയ്ക്ക് ആനുപാതിക വാർഷിക ഫീസ് ഈടാക്കി ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. അധികമായി നിർമ്മിച്ച 1020.19 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ഓരോ വർഷവും വാർഷിക ഫീസായ 14 ലക്ഷത്തിനുപുറമേ 62,558 രൂപ കൂടി അധികമായി ഈടാക്കുന്നതിനും നഗരസഭ തീരുമാനിച്ചിട്ടുണ്ട്. അധികമായി പണിത ഏരിയ റഗുലറൈസ് ചെയ്ത് നഗരസഭ കമ്പനിക്ക് നോട്ടീസ്

നൽകിയതിന്റെ അടിസ്ഥാനത്തിൽ റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 4,10,147 രൂപയും കൺസ്ട്രക്ഷൻ ഫീസിൽ 21,42,870 രൂപയും ഒടുക്കിയിട്ടുണ്ട്. പദ്ധതി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിനാലും കരാർപ്രകാരം കമ്പനി ഒടുക്കാൻ ബാധ്യസ്ഥമായ പിഴ ഒടുക്കാത്തതിനാലും കെട്ടിടത്തിന് നാളിതുവരെ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ല.

## 2. റീസർവ്വേ നടപടികൾ

ശ്രീ. കെ. യു. ജനീഷ് കുമാർ: അപാകതകൾ പരിഹരിച്ചത് കോന്നി മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ അരുവാപ്പുറം വില്ലേജിൽ 36, 37, 38, 39 എന്നീ ബ്ലോക്കുകളിൽ ഹാരിസൺ പ്ലാന്റേഷനുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്ന ബ്ലോക്കുകൾ ഒഴികെയുള്ള ബ്ലോക്കുകളിലെ റീസർവ്വേ ഫീൽഡ് ജോലികൾ കൺവെൻഷണൽ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി വില്ലേജിൽ അപ്പീൽ ആൻഡ് ലാന്റ് കംപ്ലെയ്ന്റ്സ് തീർപ്പാക്കിയിട്ടുള്ളതും ഡാറ്റാ എൻട്രി ജോലികൾ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന്

കൈമാറുന്നതുമാണ്. സർവ്വേ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വേ സാങ്കേതിക വിദ്യയായ Continuously Operating Reference Station നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനും real time kinematic positioning ഉപകരണങ്ങളുടെ സഹായത്തോടെ ലൈസൻസ്ഡ് സർവേയർമാരുടെ സേവനംകൂടി വിനിയോഗിച്ച് സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. കോന്നി നിയോജകമണ്ഡലത്തിലെ അവശേഷിക്കുന്ന വില്ലേജുകളിലെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

3. <u>റവന്യൂ ടവർ നിർമ്മാണം</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: മലപ്പുറത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): മലപ്പുറം കളക്ടറേറ്റും മറ്റ് സർക്കാർ ഓഫീസുകളും പ്രവർത്തിപ്പിക്കുന്നതിനായി റവന്യൂ ടവർ നിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയ 65 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

4. <u>കൈവശ ഭൂമിക്ക് പട്ടയം</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: റാന്നി പൊന്തൻപുഴ-പെരുമ്പെട്ടി മേഖലകളിലെ കർഷകരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്താണെന്നുള്ള ഡി.എഫ്.ഒ.-യുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1964-ലെ ഭൂപതിവ് ചട്ടപ്രകാരം സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

5. <u>വന്യമൃഗ ശല്യം</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: പെരുവണ്ണാമൂഴി-ചെമ്പനോട-പൂഴിത്തോട്-മുതുകാട്-ചെങ്കോട്ടക്കൊല്ലി-കുവപ്പൈ പ്രദേശങ്ങളിലെ വന്യമൃഗ ശല്യം തടയുന്നതിനും കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): കൃഷി സ്ഥലങ്ങളിലിറങ്ങുന്ന ആനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനായി ഇരുപത് വാച്ചർമാരെ നിയോഗിക്കുകയും താമരശ്ശേരി കേന്ദ്രീകരിച്ച്

പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ജനങ്ങളുടെ ജീവനും കൃഷിക്കും ഭീഷണിയാകുന്ന കാട്ടുപന്നികളെ കൊല്ലാൻ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യക്തികൾക്ക് അനുവാദം നൽകുകയും ലൈസൻസുള്ള തോക്ക് കൈവശമുള്ളവരെ കാട്ടുപന്നി നിർമ്മാർജ്ജനത്തിനായി എംപാനൽ ചെയ്തിട്ടുമുണ്ട്. തകരാറിലാകുന്ന സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്കും ജീവഹാനിക്കുമുള്ള നഷ്ടപരിഹാരമായി 25,48,373/- രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുഴുവൻ വനമേഖലകളും ഉൾക്കൊള്ളിച്ചുകൊണ്ട് ബൃഹത് പദ്ധതി രൂപീകരിക്കുന്നതാണ്.

## 6. ചെളി നീക്കം ചെയ്യൽ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കല്ലായി പുഴയിലെ ചെളി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കല്ലായിപുഴയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ 7.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രവൃത്തിക്കായി പ്രസ്തുത തുക ജലവിഭവ വകുപ്പിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഡ്രെഡ്ജ് ചെയ്തെടുക്കുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് പുന:പരിശോധിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതാണ്.

## 7. പായൽ നീക്കം ചെയ്യൽ

ശ്രീ. എം. വിൻസെന്റ്: ഡീവീഡിംഗ് മെഷീൻ വാങ്ങി വെള്ളായണി കായലിലെ പായൽ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കൃത്യമായ മോണിറ്ററിംഗ് നടത്തി വെള്ളായണി കായലിലെ പായൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട എ.ഇ.-യെ ചുമതലപ്പെടുത്തുന്നതാണ്.

8. കാർഷിക വിളകളുടെ വിലയിടിവ്

ശ്രീ. പി. ടി. തോമസ്: കുരുമുളക്, ഏലം, റബ്ബർ എന്നിവയുടെ വിലയിടിവ് തടയാനും റബ്ബറിന്റെ സംഭരണവില 200 രൂപയാക്കി വർദ്ധിപ്പിക്കാനും കർഷക കമ്മീഷൻ രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): 2021 ഏപ്രിൽ മുതൽ റബ്ബറിന്റെ തറവില 170 രൂപയായി വർദ്ധിപ്പിക്കുകയും 50 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കിലോഗ്രാമിന് 522 രൂപ ലഭിക്കത്തക്കവിധത്തിൽ കുരുമുളകിനെ എം.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് വ്യാപനംമൂലം ഏലം കർഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷനുള്ള അപേക്ഷ യഥാസമയം നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര മാനദണ്ഡപ്രകാരം ഗുണമേന്മയുള്ള കുരുമുളക്, ഏലം എന്നിവ ഉല്പാദിപ്പിക്കാനും കയറ്റുമതി ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## 9. ബൈപ്പാസ് നിർമ്മാണം

ശ്രീ. എ. എൻ. ഷംസീർ: തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രളയത്തെ മറികടക്കാൻ പാലങ്ങൾ ഉയർത്തി നിർമ്മിക്കണമെന്ന പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തലപ്പാടി മുതൽ രാമനാട്ടുകര വരെയുള്ള ദേശീയപാതാ റീച്ചിൽ 2018-ലെ പ്രളയത്തിലുണ്ടായ ജലനിരപ്പനുസരിച്ച് പാലം ഡിസൈൻ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 2017-ൽ ആരംഭിച്ച തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ നേരിൽക്കണ്ട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

## 10. പാലം നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: അഴീക്കോട്-മുനമ്പം പാലം നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന് ഭരണാനുമതിയും എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം സമർപ്പിച്ച് സ്ഥലമേറ്റെടുപ്പിന് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശപ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചതിൽ രേഖപ്പെടുത്തിയ കുറഞ്ഞ തുക എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിച്ചതിനാൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## IV. ക്രമപ്രശ്നം

ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപടിക്രമം പാലിക്കാതെ ചട്ടം ഭേദഗതി ചെയ്യുന്നത് റൂൾ 166-ന്റെ ലംഘനമാണ്. 2020 ഒക്ടോബർ 24-ലെ ഉത്തരവിൽ 2005-ലെ മരംമുറിയുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പിന്റെ ലംഘനമാണ് നടന്നിട്ടുള്ളത്. പ്രസ്തുത വകുപ്പിലെ ആദ്യഭാഗം കർഷകർക്ക് അവരുടെ പറമ്പിൽ പട്ടയം കിട്ടിയതിനുശേഷം മുളച്ചതും പിന്നീട് നട്ടുവളർത്തിയതുമായ ചന്ദനമൊഴിച്ചുള്ള മരങ്ങൾ മുറിക്കാമെന്നും രണ്ടാമത്തെ ഭാഗം ഗവൺമെന്റ് പട്ടയം നൽകുമ്പോൾ ആ ഭൂമിയിൽ

ഉണ്ടായിരുന്ന മരങ്ങൾ മുറിക്കാൻ പാടില്ലെന്നുമാണ്. മരം മുറിക്കാൻ ലൈസൻസ് കൊടുക്കുന്നതിന് 6-ാം വകുപ്പിന്റെ രണ്ടാം ഭാഗം ഉത്തരവിൽനിന്ന് ഒഴിവാക്കിയത് ആക്ടിന്റെ ലംഘനമാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1964-ലെ ഭൂപതിവ് ചട്ടപ്രകാരം കർഷകർക്ക് പതിച്ചുകൊടുത്ത ഭൂമിയിൽ അവർ നട്ടുവളർത്തിയതോ കിളിർത്തു വളർന്നതോ പണമടച്ച് റിസർവ് ചെയ്തതോ ആയ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് തന്നെയാണ്. വിജ്ഞാപനം ചെയ്യാത്ത വനേതര പ്രദേശത്ത് നിൽക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ച് മാറ്റാൻ ഉടമസ്ഥന് അവകാശമുണ്ട്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവുമാത്രമാണ് 24-10-2020-ൽ പുറപ്പെടുവിച്ചിട്ടുള്ളത്.

**റൂളിംഗ്**

മി. സ്പീക്കർ: 1964-ലെ ഭൂപതിവ് ചട്ടം, 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയ ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്) ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന ടി സർക്കാർ ഉത്തരവിന് ചട്ടഭേദഗതിയുടെ സ്വഭാവം ഉള്ളതായി കാണുന്നില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## V. ധനകാര്യം

### <u>2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

(173,32,22,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

(1825,48,91,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

(373,34,10,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

(349,47,11,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

(61,36,49,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

(536,25,42,000 രൂപ)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചരക്കുസേവന നികുതി നിരക്കിലെ അപാകത പരിഹരിക്കുന്നതിനും

നികുതിനിരക്കിൽ ഏറ്റക്കുറച്ചിലുകൾ വരുത്തുന്നതിനുള്ള അവകാശം സംസ്ഥാനങ്ങൾക്ക് നൽകുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര നികുതി വരുമാനം കുറച്ചുകാണിക്കുന്നതിന് പല ഉല്പന്നങ്ങൾക്കും സെസ് ഏർപ്പെടുത്തുന്ന കേന്ദ്ര ഗവൺമെന്റ് നയത്തെ ഭരണ/പ്രതിപക്ഷ ഭേദമെന്യേ ശക്തമായി നേരിടണം. ക്ഷേമ പെൻഷൻ, പൊതുവിതരണം, സൗജന്യ ഭക്ഷ്യക്കിറ്റ്, പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയവയ്ക്കായി കോടിക്കണക്കിന് രൂപ ചെലവഴിച്ചതും ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണമൊരുക്കിയതും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധനഉത്തരവാദിത്ത നിയമത്തിൽ ധനക്കമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് പൊതു/ ആളോഹരി കടം ക്രമാതീതമായി വർദ്ധിച്ചു. ഗ്യാസ്, പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസമേകുന്ന നടപടി സ്വീകരിക്കണം. ലോക്ഡൗൺമൂലം സമസ്ത മേഖലയിലെയും തൊഴിലാളികൾ പ്രതിസന്ധിയിലായതിനാൽ ഭക്ഷ്യ കിറ്റിനോടൊപ്പം ഓരോ കുടുംബത്തിനും 6000 രൂപ വീതം നേരിട്ട്

നൽകാനും 60 വയസ്സ് കഴിഞ്ഞ കന്യാസ്ത്രീകൾക്കും അച്ചൻമാർക്കും പെൻഷൻ നൽകാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമാനതകളില്ലാത്തതും കാലോചിതവും ഭാവനാപൂർണ്ണവുമായ പരിഷ്കരണങ്ങളാണ് റവന്യൂ വകുപ്പിൽ നടപ്പിലാക്കിവരുന്നത്. വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റാനും റവന്യൂ, ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എടുത്ത തീരുമാനവും ശ്ലാഘനീയമാണ്. റവന്യൂ റിക്കവറി പ്രവർത്തനങ്ങളും ഭൂമിയുടെ പോക്കുവരവും ഓൺലൈനാക്കുന്നത് വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കും. താലൂക്ക് ഓഫീസിലേയ്ക്ക് കൈമാറുന്ന ദുരന്തനിവാരണ നിയമപ്രകാരമുള്ള പരാതികൾ പരിഹരിക്കപ്പെടുന്നുണ്ടെന്ന് വില്ലേജ് ഓഫീസർമാർ ഉറപ്പുവരുത്തുകയും ലാൻഡ് ട്രിബ്യൂണലുകളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. രേഖകളില്ലാതെ വിദേശ കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കാനും നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 12000 പട്ടയങ്ങൾ വിതരണം ചെയ്യാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. കിഫ്ബി സഹായത്തോടെ കടലോര സംരക്ഷണത്തിനും മാൻ-അനിമൽ

കോൺഫ്ലിക്ട് തടയുന്നതിനും പദ്ധതികൾ ആവിഷ്കരിക്കണം. അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കി പുറമ്പോക്ക് ഭൂമി അളന്നതിട്ടപ്പെടുത്തി സംരക്ഷിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വില്ലേജ് ഓഫീസർക്കും സ്പെഷ്യൽ വില്ലേജ് ഓഫീസർക്കും ചുമതലകൾ വീതിച്ചുനൽകുകയും വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരെ പാർട്ട്-ടൈം സ്വീപ്പർമാരാക്കുകയും റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുകയും വേണം. ലൈഫ് പദ്ധതിയിൽ ലഭിച്ച അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുകയും വീടുവയ്ക്കാൻ അനുവദിക്കുന്ന ധനസഹായം 10 ലക്ഷം രൂപയായി ഉയർത്തുകയും ചെയ്യണം. കാലവർഷത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതോടൊപ്പം പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവുംമൂലമുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശിക തലത്തിൽ ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കുകയും വേണം. പതിച്ച് കിട്ടുന്ന കൃഷിസ്ഥലം കൃഷിയാവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കാനോ വിൽക്കാനോ പാടില്ലെന്ന് നിഷ്കർഷിക്കുന്ന നിയമമുണ്ടാകണം.

<u>ശ്രീ. കെ. വി. സുമേഷ്</u>: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടും സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിച്ചും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തും കുടുംബശ്രീ മുഖേന വായ്പകൾ അനുവദിച്ചും കോവിഡ് വ്യാപനത്തെത്തുടർന്നുണ്ടായ പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് സ്വീകരിച്ച നടപടികളും പട്ടയം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചതും ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലുണ്ടായ മുന്നേറ്റവും അടിസ്ഥാന പശ്ചാത്തല വികസനം സാധ്യമാക്കിയതും ശ്ലാഘനീയമാണ്. പ്രകൃതി ദുരന്തങ്ങൾ തുടർച്ചയായുണ്ടാകുന്ന സ്ഥലങ്ങളിലെ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രത്യേക ഷെൽട്ടർ നിർമ്മിക്കാൻ നടപടിയെടുക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനാവശ്യമായ ആശ്വാസ നടപടികൾ പ്രഖ്യാപിക്കണം. ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധിയിൽ ഇളവ് നൽകുന്നതോടൊപ്പം പിഴപ്പലിശ ഒഴിവാക്കി പലിശയിളവ് നൽകി വ്യാപാരികളെ സംരക്ഷിക്കുന്നതിന് തയ്യാറാകണം.

കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും പ്രളയക്കെടുതിക്ക് ശാശ്വത പരിഹാരം കാണുന്നതിന് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം. പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും ഭവന നിർമ്മാണ വകുപ്പ് മുഖേന ഭവന പദ്ധതികൾ നടപ്പാക്കുകയും ചെയ്യണം.

ശ്രീ. പ്രമോദ് നാരായൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നോൺ-ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പഠനത്തിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. പ്രാദേശിക ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിൽക്കാനായി അവയുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി എൻഡ്-ടു-എൻഡ് ലോജിസ്റ്റിക് സൊല്യൂഷൻ പ്രൊവൈഡറായി സപ്ലൈകോയെ ചുമതലപ്പെടുത്തുകയും ചെറുകിട വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സമിതിയെ നിയോഗിക്കുകയും ചെയ്യണം. റവന്യൂ വകുപ്പിൽ സ്മാർട്ട് വില്ലേജ് ഉൾപ്പെടെയുള്ള നവീന പദ്ധതികൾ നടപ്പിലാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ദുരന്തബാധിതർക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച ഗവേഷണത്തിനായി ഇൻകോയ്സ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്ഥാപനമാരംഭിക്കുന്നതിന് മുൻകയ്യെടുക്കുകയും

ചെയ്യണം. ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങളും റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും വേഗത്തിലാക്കുകയും ദേവസ്വത്തിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ നടപടിയെടുക്കുകയും വേണം. കോവിഡിനെത്തുടർന്ന് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്താനുതകുന്ന പ്ലാറ്റ്ഫോമുകൾ എല്ലാ ജില്ലകളിലും സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കണം.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും സൂക്ഷ്മ-ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. റവന്യൂ വകുപ്പിൽ നടപ്പിലാക്കുന്ന കാലാനുസൃതമായ വികസന പദ്ധതികൾ പ്രതീക്ഷയുളവാക്കുന്നതാണ്. ഭൂരേഖകളുടെ കൃത്യതയില്ലായ്മ പരിഹരിക്കുന്നതിനായി ഡിജിറ്റൽ സർവ്വേ നടപ്പാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ആഭ്യന്തര ഉത്പാദനവും വളർച്ചാനിരക്കും പൊതുവരുമാനവും കുറഞ്ഞതും ജി.എസ്.ടി. നഷ്ടപരിഹാര തുക അനുവദിക്കുന്നതിൽ കാലതാമസം വന്നതും സംസ്ഥാനത്തെ സാമ്പത്തിക

പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണ്. ലോക്ക്ഡൗൺ സമയത്ത് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തത് അഭിനന്ദനാർഹമാണ്. കടലാക്രമണത്തെ ദേശീയദുരന്തമായി അംഗീകരിക്കാനും ദുരിതബാധിതർക്ക് സഹായം നൽകാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് താൽക്കാലികമായി വീട് നൽകുന്നതിനും വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനും നടപടി സ്വീകരിക്കണം. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി അർഹതപ്പെട്ടവർക്ക് പട്ടയം വിതരണം ചെയ്യാനും ഭൂമി തരംമാറ്റൽ നടപടിയിൽ വ്യക്തതയുണ്ടാക്കാനും ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറയാൻ കാരണം സർക്കാരിന്റെ കെടുകാര്യസ്ഥതയാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതിനുപകരം പുതിയ നികുതികൾ ചുമത്തിയത് അപലപനീയമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം വായ്പാപരിധി ഉയർത്തുകയും ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുകയും ചെയ്തിട്ടും

കോവിഡ് പ്രതിസന്ധി നേരിടുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. വാക്സിൻ ക്ഷാമം പരിഹരിക്കുന്നതിനും കോവിഡ് പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ കടകളുടെ സാമ്പത്തിക-തൊഴിൽ നഷ്ടം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് മിഷനിലൂടെ സാധാരണക്കാരന്റെ പാർപ്പിട സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളുടെ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കിയ നടപടി സ്വാഗതാർഹമാണ്. താലൂക്ക് ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനും വിവിധ കമ്പനികൾ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിക്കണം. തോട്ടം മേഖലയിൽ നിലനിന്നിരുന്ന പ്ലാന്റേഷൻ നികുതിയും കാർഷിക നികുതിയും ഒഴിവാക്കിയ നടപടി ശ്ലാഘനീയമാണ്. കൃഷി ഭവനുകളിൽ ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം. സാമ്പത്തിക പ്രതിസന്ധിക്കിടയിലും പ്രകൃതിക്ഷോഭ

ദുരിതാശ്വാസ രംഗത്ത് അനുകരണീയമായ പ്രവർത്തനമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിച്ച് അർഹതപ്പെട്ടവർക്ക് നൽകുന്നതിനും പ്രകൃതി ദുരന്തങ്ങളോടനുബന്ധമായി സാമൂഹ്യ അടുക്കളകൾ വഴി എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുന്നതിനും ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയും പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച ആഘാതം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വലിയ തോതിൽ ബാധിച്ചുവെങ്കിലും ജനങ്ങൾക്കുമേൽ പുതിയ നികുതിഭാരം അടിച്ചേൽപ്പിക്കാതെ എല്ലാ വിഭാഗം ജനങ്ങൾക്കും സഹായമെത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആശാ വർക്കർമാരുടെ വേതനം വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. നികുതി പിരിവുകൾ ക്രമീകരിച്ചും ചട്ടങ്ങളും നിയമങ്ങളും ലഘൂകരിച്ചും അധിക വരുമാനം സമാഹരിക്കാനുള്ള സർക്കാരിന്റെ ശ്രമം കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിൽ പുത്തനുണർവ് സൃഷ്ടിച്ചിരിക്കുകയാണ്. സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തേയ്ക്ക് കൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ഭൂവിവരങ്ങളുടെ കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കുന്നതിനും

പ്രകൃതി ദുരന്തങ്ങൾക്കിരയായ കോഴിക്കോട് താലൂക്കിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ലൈഫ് മിഷനിലൂടെയുള്ള പാർപ്പിട പ്രശ്നപരിഹാരവും സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി നടപ്പാക്കിയതും സ്വാഗതാർഹമാണ്. റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും സർവ്വേയർമാരുടെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. വില്ലേജ് ഓഫീസുകളിൽ ഡ്രാഫ്റ്റ്മാൻ തസ്തിക സൃഷ്ടിക്കുന്നതിനും ഫീൽഡ് അസിസ്റ്റന്റുമാരെ ക്ലറിക്കൽ തസ്തികയിൽ ഉൾപ്പെടുത്തുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും വെറ്റ്ലാൻഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം. കാലവർഷക്കെടുതിയിൽ ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾക്കും ധനസഹായം നൽകണം. ആരാധനാലയങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം. ലീഗൽ ഹയർ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുകയും വില്ലേജ്

ഓഫീസിൽനിന്നും ആയിരം രൂപ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയിൽ കിഡ്നി രോഗികളെക്കൂടി ഉൾപ്പെടുത്തുകയും സാമൂഹ്യക്ഷേമ പെൻഷൻ 2000/- രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്യണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധികൾക്കിടയിലും സമാനതകളില്ലാത്ത വികസന-ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റിന് ഭരണത്തുടർച്ച നേടുവാൻ കഴിഞ്ഞു. സുസ്ഥിര വികസന സർവ്വേയിൽ തുടർച്ചയായി ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം കേരളമാണ്. വില്ലേജ് ഓഫീസുകളെ സ്മാർട്ട് ആക്കുന്നതോടൊപ്പം സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചത് അഭിനന്ദാർഹമാണ്. ഇ-ഡിസ്ട്രിക്ട് സംവിധാനത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. ആർ.ആർ. നടപടികൾ സംബന്ധിച്ചും ഓൺലൈൻ സേവനങ്ങൾ പ്രായോഗികമായി നടപ്പാക്കുന്നതിനും ഭൂരേഖയിൽ ആധാറും ഫോൺനമ്പറും തമ്മിൽ ബന്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാൻ

ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. 5 ലക്ഷം കുടുംബങ്ങളുടെ പട്ടിണി മാറ്റാൻ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതും ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയും 176711 പട്ടയം വിതരണം ചെയ്തതും അഭിനന്ദനാർഹമാണ്. നികുതിപിരിവ് കർശനമായി നടപ്പാക്കണം. പട്ടികജാതിക്കാരെയും പിന്നോക്ക സമുദായത്തിൽപ്പെട്ടവരെയും തിരുവിതാംകൂർ-കൊച്ചി ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തിമാരായി നിയമിച്ചതും ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉറപ്പുവരുത്തിയതും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചെടുക്കുന്നതിനായി പ്രത്യേക ദേവസ്വം ട്രിബ്യൂണൽ രൂപീകരിച്ചതും നിയമനങ്ങൾക്ക് സാമ്പത്തിക പിന്നോക്കാവസ്ഥ മാനദണ്ഡമാക്കിയതും പ്രശംസനീയമാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ കടബാധ്യതയിൽ റിക്കോർഡ് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പ്രകൃതി ദുരന്തങ്ങളിൽ വീട് നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരവും സാമൂഹ്യ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധിയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. നികുതി പിരിവ് കർശനമായി നടപ്പാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജി.ഡി.പി.-യിൽ ഇടിവ് സംഭവിച്ചതും ജി.എസ്.ടി. കളക്ഷൻ കുറഞ്ഞതും വ്യാപാര-വ്യവസായ-കാർഷിക മേഖലകളുടെ തകർച്ചയും നികുതി വരുമാനത്തിലെ കുറവും സാമ്പത്തിക സ്ഥിതി തകരാൻ കാരണമായി. 2019-20-ലെ സി. & എ. ജി. റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ കടം 31.2 ശതമാനമാണ്. അർഹമായ വിഹിതം നൽകാത്ത കേന്ദ്ര ഗവൺമെന്റ് നടപടിക്കെതിരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കരാറുകാരുടെ കുടിശ്ശിക കൊടുത്തതും സാമൂഹ്യക്ഷേമ പെൻഷൻ, സൗജന്യ ഭക്ഷ്യക്കിറ്റ് എന്നിവ വിതരണം ചെയ്യുന്നതും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ്. കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽനിന്ന് വ്യാപാരികൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി പണമടയ്ക്കാനും റിട്ടേൺ ഫയൽ ചെയ്യാനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുകയും നികുതി കുടിശ്ശിക ഓരോ വർഷത്തേയ്ക്ക് മാത്രമായി അടയ്ക്കുന്നതിനുള്ള സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിലുണ്ടാകുന്ന ക്രമക്കേടുകൾക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കഴിഞ്ഞ അഞ്ചുവർഷം റവന്യൂ വകുപ്പ് സമാനതകളില്ലാത്ത പ്രവർത്തനമാണ് കാഴ്ചവച്ചത്. പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് ബോർഡിൽ നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതും എസ്.എം. കേസുകൾ രജിസ്റ്റർ ചെയ്ത് അധിക കൈവശഭൂമി ഏറ്റെടുക്കുന്നതും ആവശ്യമായ ഉത്തരവുകളോ നിയമ ഭേദഗതിയോ വരുത്തി അർഹരായവർക്ക് ഭൂമി നൽകുന്നതുമാണ്. റവന്യൂ വകുപ്പിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യയുമായി ചർച്ച നടത്തി Continuously Operating Reference Stations (CORS*)* എന്ന ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 28 കേന്ദ്രങ്ങളിൽ പ്രത്യേക സിഗ്നൽ സ്റ്റേഷനുകൾ സ്ഥാപിച്ച് മൂന്ന് വർഷംകൊണ്ട് സമ്പൂർണ്ണ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ള ശ്രമം നടന്നുവരുന്നു. രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകളെ സംയോജിപ്പിച്ച് ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച് ഇന്റഗ്രൽ പോർട്ടലിലേയ്ക്ക് കടക്കാനും യുണീക് തണ്ടപ്പേർ എന്ന സിസ്റ്റത്തിലൂടെ ഭൂമിയെ രേഖകളുടെ അടിസ്ഥാനത്തിൽ തിരിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടുപയോഗിച്ചും റീബിൽഡ് കേരളയിലൂടെയും 485 വില്ലേജ് ഓഫീസുകളും

മെയിന്റനൻസിലൂടെ 580 വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കാനും ബാക്കി ഓഫീസുകൾ ഈ കാലയളവിൽത്തന്നെ ജനകീയ പരിശ്രമത്തിലൂടെ സ്മാർട്ടാക്കാനും കഴിയും. റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതാണ്. ഭവന നിർമ്മാണ വകുപ്പ് ഗൃഹശ്രീ പദ്ധതിലൂടെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന പൗരൻമാർക്കും വാടകയ്ക്ക് താമസ സൗകര്യമൊരുക്കുന്ന കേന്ദ്രങ്ങളും മെഡിക്കൽ കോളേജുകളിൽ 'ആശ്വാസ്' പദ്ധതിയിലൂടെ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസിക്കാനുള്ള കേന്ദ്രങ്ങളും പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ അഫോർഡബിൾ ഫ്ലാറ്റുകളും നിർമ്മിച്ചുനൽകാനുള്ള നടപടികൾ ആരംഭിച്ചു. വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ എല്ലാ വിഭാഗം ആളുകൾക്കും ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്. ഭാഷാ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള റെസിപ്റ്റുകൾ അവരുടെ ഭാഷയിൽ അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രളയാനന്തര സഹായങ്ങൾ സുതാര്യമാക്കുന്നതിനായി പോർട്ടൽ രൂപീകരിക്കാനും കയ്യേറ്റമൊഴിപ്പിക്കാനും ലാൻഡ് ട്രിബ്യൂണൽ പ്രവർത്തനങ്ങൾ വേഗതയിലാക്കാനുമുള്ള സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, വായനശാലകൾ എന്നിവയ്ക്ക് കൈവശത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകാൻ 2020-ൽ

ഉത്തരവായിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധി നേരിടുന്ന അഞ്ച് ദേവസ്വം ബോർഡുകളുടെയും ജീവനക്കാരുടെയും സ്ഥിതി മെച്ചപ്പെടുത്തുന്നതിനും പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്തി വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ബോർഡിന്റെ അഭിവൃദ്ധിക്ക് ഉതകുന്ന രീതിയിൽ ജീവനക്കാരെ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചും ആക്ഷേപങ്ങളുയർത്തിയും ദേവസ്വം ബോർഡിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് കോട്ടം വരുത്തരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ആചാരങ്ങളുടെ പേരിൽ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കും. ശബരിമലയിലെ ഹൈപവ്വർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വനം വകുപ്പുൾപ്പെടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ശബരിമല വികസനത്തിനുള്ള 150 കോടി രൂപയുടെ

പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചതിനോടൊപ്പം കഴക്കൂട്ടം, നിലയ്ക്കൽ, ചെങ്ങന്നൂർ, എരുമേലി, വയനാട് ജില്ലയിലെ മണിയൻകോട്, മലപ്പുറത്തെ ശിവപുരം എന്നിവിടങ്ങളിൽ ഇടത്താവളം നിർമ്മിക്കാനുള്ള ടെണ്ടർ നടപടികളും പൂർത്തിയായി വരികയാണ്. നബാർഡിന്റെ സഹായത്തോടെ നിലയ്ക്കലിൽ 120 കോടി രൂപ ചെലവുവരുന്ന കുടിവെള്ള പദ്ധതി നടപ്പാക്കിവരികയാണ്. ദേവസ്വം ബോർഡുകളുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് 135 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബിൽ കൊണ്ടുവരികയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തി മുഴുവൻ ദേവസ്വം നിയമനങ്ങളും ബോർഡിന്റെ കീഴിലാക്കുകയും എസ്.സി./എസ്.ടി./പിന്നാക്ക സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുകയും ചെയ്യും. ഗുരുവായൂർ ക്ഷേത്രത്തെ temple city of kerala-യായി ഉയർത്തുന്നതിനും പ്രധാന ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് pilgrim tourism വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും 35-നെതിരെ 93 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.56-ന് പിരിഞ്ഞു.

********